കേരള പോലീസ്
KERALA POLICE

# വനിതാ ദിനാഘോഷം



കോട്ടയം ജില്ലാ പോലീസിന്റെയും മണർകാട് സെൻറ് മേരീസ് കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ 08.03.2019 തീയതി മണർകാട് സെൻറ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ ലോക വനിതാ ദിനത്തോടനുബന്ധിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ശ്രീ. പുന്നൻ കുര്യൻ സ്വാഗതം ആശംസിച്ചു, ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശ്രീ.ഹരിശങ്കർ ഐ.പി.എസ് വനിതാദിന സന്ദേശം നൽകി. വനിതാ ദിനാഘോഷ ചടങ്ങിന്റെ ഉത്ഘാടനം പ്രശസ്ത ബാലതാരം കുമാരി മീനാക്ഷി നിർവഹിച്ചു.

തുടർന്ന് “ബാലൻസ് ഫോർ ബെറ്റർ” എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ന്യൂഡെൽഹി പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി സിനി.കെ. തോമസ് മോഡറേറ്റർ ആയ സെമിനാറിൽ ഏറ്റുമാനൂർ എസ്.എച്ച്.ഒ റീഷ്മ രമേശൻ ഐ.പി.എസ് പ്രബന്ധാവതരണം നടത്തി. കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ്

പ്രസിഡൻറ് ജെസ്സിമോൾ മനോജ്, തലയോലപ്പറമ്പ് ഡി.ബി കോളേജ് പ്രൊഫസർ ശ്രീമതി ഇന്ദു, ഫിസിയോളജിസ്റ്റ് ശ്രീമതി ഷീന, സെൻറ് മേരീസ് കോളേജ് മലയാള വിഭാഗം മേധാവി മഞ്ജുഷ, കോളേജ് വിദ്യാർത്ഥിനികളായ കുമാരി ശിവകാമി, ഹന്ന ആലീസ് പീറ്റർ എന്നിവർ സെമിനാറിൽ സംസാരിച്ചു. തുടർന്നു പ്രസ്തുത വിഷയത്തിൽ ചർച്ചയും നടന്നു. അഡ്വക്കേറ്റ് പാർവതി രാജിന്റെ നിയമ പഠന ക്ലാസ്സും, കോളേജ് വിദ്യാർഥിനികളുടെ മൈം ഷോയും, സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കി നാഗമ്പടം ബസ് സ്റ്റാന്റ്, തിരുനക്കര മൈതാനം, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്, കഞ്ഞിക്കുഴി, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ഫ്ലാഷ് മോബും നടത്തി. പ്രസ്തുത ചടങ്ങിൽ ഡി.സി.ആർ.ബി ഡി.വൈ.എസ്.പി ശ്രീ.പ്രകാശൻ പി പടന്നയിൽ, മണർകാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, മറ്റ് പോലീസ് സേനാംഗങ്ങൾ, സെൽഫ് ഡിഫൻസ് ടീം അംഗങ്ങൾ, വനിതാ സെൽ ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ എന്നിവരുടെ സജീവ സാന്നിധ്യം പരിപാടിയിൽ ഉടനീളം ഉണ്ടായിരുന്നു.

*കോട്ടയം ജില്ലാ പോലീസ്*